പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. T 3584

14.03.2017-ൽ മറുപടിയ്ക്ക്

## നെയ്യാറ്റിൻകര കുടുംബകോടതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ആൻസലൻ | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| നെയ്യാറ്റിൻകരയിൽ അനുവദിച്ചിട്ടുള്ള കുടുംബ കോടതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ പുരോഗതി അറിയിക്കുമോ ? | നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കണമെന്ന ബഹു.ഹൈക്കോടതിയുടെ ആവശ്യം ധനകാര്യ വകുപ്പുമായി കൂടിയാലോചിക്കുകയും കുടുംബ കോടതിയ്ക്ക് ആവശ്യമായ സ്ഥലം, കെട്ടിടം തുടങ്ങിയവയുടെ വിവരങ്ങൾ അറിയിക്കണമെന്നും പ്രസ്തുത വകുപ്പ് ആവശ്യപ്പെട്ടു. നെയ്യാറ്റിൻകര പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ഒഴിഞ്ഞു കിടക്കുന്ന പഴയ ഓഫീസ് കെട്ടിടം കുടുംബകോടതിയ്ക്ക് അനുയോജ്യമായ സ്ഥലമാണെന്നും ഈ കെട്ടിടം ജുഡീഷ്യൽ വകുപ്പിന് കൈമാറണമെന്നും ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിരുന്നു. എന്നാൽ ഈ കെട്ടിടത്തിൽ തിരുവനന്തപുരം റൂറൽ എ.ആർ ഡിറ്റാച്ച്മെന്റ് ക്യാമ്പ് പ്രവർത്തനം ആരംഭിച്ചതിനാൽ കെട്ടിടം കുടുംബകോടതി ആരംഭിക്കുന്നതിന് നൽകാൻ കഴിയില്ല എന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് നൽകി. ഈ സാഹചര്യത്തിൽ കുടംബകോടതിയ്ക്ക് അനുയോജ്യമായ മറ്റൊരു കെട്ടിടം നിർദ്ദേശിക്കുവാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ